മീഡിയാ വിശകലനം

വി.എ മുഹമ്മദ് അശ്റഫ്

# നോസ്ട്രഡാമസിന്റെ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രവചനം

**1950-ൽ** ഫ്രാൻസിൽ ജനിച്ച് പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട് 19-ാം വയസ്സിൽ ഇന്ത്യയിലെത്തിയ ഫ്രാങ്കോസ് ഗാഷ്യർ, പോണ്ടിച്ചേരിയിലെ അരബിന്ദോ ആശ്രമത്തിലായിരുന്നു ആദ്യ 8 വർഷക്കാലം താമസിച്ചിരുന്നത്. 1970-കളിൽ ഹിന്ദുമതം സ്വീകരിച്ചതിനു ശേഷം ഒരിന്ത്യക്കാരിയെ വിവാഹം കഴിച്ച് ഇന്ത്യയിൽ തന്നെ സ്ഥിരതാമസമാക്കിയിരിക്കുകയാണ് ഫ്രാങ്കോസ്. *ഇന്ത്യൻ എക്സ്പ്രസ്, ദൈനിക് ഭാസ്കർ, സഹാറാ സമയ്* പോലുള്ള പത്രങ്ങളിൽ ഹിന്ദുത്വ ഫാഷിസ്റ്റനുകൂല രചനകളാണ് ഫ്രാങ്കോസ് ഗാഷ്യർ മിക്കവാറും എഴുതാറ്. ഫാഷിസത്തിന്റെ എല്ലാ അതിക്രമങ്ങളെയും വെള്ളപൂശാനും ന്യായീകരിക്കാനും ഗാഷ്യർ ഒട്ടും മടിക്കാറില്ല. രാജ്യത്ത് നടക്കുന്ന എല്ലാ അസമാധാനങ്ങൾക്കും ഉത്തരവാദികൾ മുസ്ലിംകളാണെന്ന ഫാഷിസ്റ്റ് ഭാഷ്യം വക്രീകൃത ചരിത്രസംവേദനത്തിലൂടെ സമർഥിക്കാൻ പ്രത്യേക വിരുത് തന്നെ ഗാഷ്യർ പ്രകടിപ്പിക്കാറുണ്ട്.

### ലോക്സഭാ തെരഞ്ഞെടുപ്പ് പ്രവചനം

2009 ഏപ്രിൽ 5-ന് ലോക്സഭാ തെരഞ്ഞെടുപ്പിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് *ന്യൂ ഇന്ത്യൻ എക്സ്പ്രസ്* ദിനപത്രത്തിൽ ഫ്രാങ്കോസ് ഗാഷ്യർ ഒരു ലേഖനമെഴുതി. 'നോസ്ട്രഡാമസ് കാവി കാണുന്നു' എന്ന തലക്കെട്ടിൽ പ്രത്യക്ഷപ്പെട്ട ലേഖനം ബി.ജെ.പി 2004 ലേതിനേക്കാൾ 50 സീറ്റ് കൂടുതൽ നേടുമെന്ന് നോസ്ട്രഡാമസ് പ്രവചിച്ചതായി അവകാശപ്പെട്ടു. 20-ാം നൂറ്റാണ്ടിലെ കെന്നഡി വധം വരെ പ്രവചിക്കാൻ കഴിഞ്ഞിരുന്ന 16-ാം നൂറ്റാണ്ടുകാരൻ ജ്യോതിഷിയെന്ന് നോസ്ട്രഡാമസിനെ പരിചയപ്പെടുത്തിക്കൊണ്ടാരംഭിക്കുന്ന ലേഖനം 2009 മാർച്ചിൽ ഫ്രഞ്ച് നഗരമായ ലിയോനിൽനിന്ന് നൊസ്ട്രഡാമസിന്റെ ഇതുവരെ കണ്ടെത്താത്ത ചില എഴുത്ത് പ്രതികൾ കണ്ടെത്തിയെന്നും, അതിലെ രണ്ട് നെടുങ്കൻ പേജുകൾ ഇന്ത്യയെക്കുറിച്ച പ്രവചനങ്ങളടങ്ങിയതാണെന്നും ഫ്രാങ്കോസ് ഗാഷ്യർ അവകാശപ്പെടുന്നുണ്ട്. നോസ്ട്രഡാമസിന്റേതാണെന്ന ഭാവേന ഫ്രഞ്ച് ഭാഷയിലെഴുതപ്പെട്ട ചില ശ്ലോകങ്ങളും അവയുടെ ഇംഗ്ലീഷ് പരിഭാഷകളും ലേഖനത്തിൽ ചേർത്തിട്ടുമുണ്ട്.

ഭാരതീയ ജനതാപാർട്ടിയെന്ന പേര് പോലും 'ഭാരതസ് ഇൻഡിക്കസ് ട്രാഹിശം' എന്ന വിധം നോസ്ട്രഡാമസ് തന്റെ ഭാവി പ്രവചനത്തിൽ പരാമർശിച്ചതായും ഗാഷ്യർ കുറിക്കുന്നുണ്ട്. ബി.ജെ.പിയുടെ ഭീഷ്മാചാര്യന്മാരായ എ.ബി വാജ്പേയ്, എൽ.കെ അദ്വാനി, മുരളീ മനോഹർ ജോഷി എന്നിവരെപ്പോലും 'വാജ്പേ', 'അഡ്വാൻ', 'മുരളീ ജോഷ്' എന്നിങ്ങനെ കൃത്യമായി പരാമർശിച്ചു പോകുന്നതായും ഗാഷ്യർ പറയുന്നുണ്ട്.

പുതുതായി അധികാരത്തിലേറുന്ന ബി.ജെ.പി ഭരണകൂടം രാമക്ഷേത്രനിർമാണം, മതപരിവർത്തനത്തിന്റെ നിയന്ത്രണം, കശ്മീരിനെ ഇന്ത്യയുടെ അവിഭാജ്യഘടകമായി നിലനിർത്തൽ എന്നീ ലക്ഷ്യങ്ങൾ ശക്തമായി നടപ്പാക്കുമെന്നു കൂടി നോസ്ട്രഡാമസിന്റെ പ്രവചനത്തിൽ സൂചനയുണ്ടെന്ന് ഗാഷ്യർ വാദിക്കുന്നു. മദ്റസകളും ചർച്ചുകളും മുളച്ചു പൊന്തി ഹിന്ദുക്കൾ ധാരാളമായി മതംമാറ്റത്തിന് വിധേയരാവുകയും ഹിന്ദു ഗുരുക്കന്മാർ ജയിലിലടക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്ന വേളയിലാകുമത്രെ ബി.ജെ.പിയുടെ തിരിച്ചുവരവ്! മാതൃരാജ്യം അമ്മയെപ്പോലെ ആരാധിക്കപ്പെടുമെന്നും ബി.ജെ.പി നേതൃത്വത്തിൽ മഹർഷി അരവിന്ദഘോഷിന്റെ വരികൾ അന്വർഥമാക്കപ്പെടുമെന്നും നോസ്ട്രഡാമസ് ദീർഘദർശനം ചെയ്തിരിക്കുന്നു! എന്തിനേറെ, ഫ്രഞ്ച് അംബാസഡർ ബൊന്നാഫോണ്ട് സബർമതി എക്സ്പ്രസ് തീവെച്ചതിനെ നിഷേധിക്കുമെന്നും ബി.ജെ.പിയെ ഫാഷിസ്റ്റെന്ന് വിളിക്കുമെന്നും (ഇത് സംഭവിച്ചു) നോസ്ട്രഡാമസ് മുൻകൂട്ടി പറഞ്ഞിരുന്നത്രെ! ഈ അനിതരസാധാരണമായ വെളിപ്പെടുത്തലിനാധാരമായ അപ്രകാശിത രേഖയുടെ ഉറവിടം ഏവർക്കും മനസ്സിലാകും വിധം വ്യക്തമാക്കാൻ പക്ഷേ ഗാഷ്യർ കൂട്ടാക്കുന്നില്ല.

ഏതായാലും ഗാഷ്യർ ഉദ്ധരിച്ച പ്രവചനങ്ങൾക്കൊന്നും ഇന്ത്യയിലാഞ്ഞടിച്ച ബി.ജെ.പി വിരുദ്ധ തരംഗത്തെ ചെറുക്കാനായില്ല. 2004-ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ 138 സീറ്റുണ്ടായിരുന്ന ബി.ജെ.പിക്ക് 116 സീറ്റായി കുറയുകയായിരുന്നു. ബി.ജെ.പി ഇത്തവണ നേടിയത് 18.8 ശതമാനം വോട്ടുകളായിരുന്നുവെന്നും, ഇത് 2004 ലേതിനേക്കാൾ 3.4 ശതമാനം കുറവായിരുന്നുവെ

ന്നുമാണ് കണക്ക്. ബി.ജെ.പി 50 സീറ്റ് കൂടുതൽ നേടുമെന്ന പ്രവചനമാണ് നിലംപൊത്തിയിരിക്കുന്നത്.

16-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന ജ്യോതിഷിയാണ് നോസ്ട്രഡാമസ് (1503-1566). 1555-ൽ പ്രസിദ്ധീകൃതമായ 'പ്രവചനങ്ങൾ' (Les Propheties) ആണ് അദ്ദേഹത്തിന്റെ മുഖ്യകൃതി. ഇതിന് നിരവധി ഇംഗ്ലീഷ് വിവർത്തനങ്ങൾ വന്നിട്ടുണ്ട്. എന്നാൽ ഒറ്റ വിവർത്തനത്തിനും വിവർത്തകന്റെ പേര് നൽകിയിട്ടില്ല. ഉദാഹരണത്തിന് The Prophecies of Nostradamus എന്ന കൃതി ന്യൂയോർക്കിലെ Avard Book ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. എന്നാൽ വിവർത്തകനെയോ പ്രസിദ്ധീകരിച്ച വർഷമോ ഇതിൽ കാണിച്ചിട്ടില്ല.

പലവിധത്തിലും വ്യാഖ്യാനിച്ചെടുക്കാവുന്നവിധം ദുരൂഹവും അവ്യക്തവുമായ ശൈലിയാണ് തന്റെ രചനയിലുടനീളം നോസ്ട്രഡാമസ് ദീക്ഷിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ വിവർത്തനങ്ങളിലും വ്യാഖ്യാനങ്ങളിലും പരസ്പര വൈരുദ്ധ്യം ധാരാളമായി കാണാം. ഉദാഹരണത്തിന് പ്രവചനം X:72 ജോൺ എഫ്. കെന്നഡി ജൂനിയറും ഭാര്യയും സഹോദരിയുമടക്കമുള്ളവർ 1999 ജൂലൈ 18-ന് നടന്ന വിമാനാപകടത്തിൽ കൊല്ലപ്പെട്ടതിനെക്കുറിച്ചാണെന്നും, അതല്ല 1999 ആഗസ്റ്റ് 11-ന് നടന്ന സമ്പൂർണ സൂര്യഗ്രഹണത്തെക്കുറിച്ചാണെന്നും അഭിപ്രായങ്ങളുണ്ട്.!

1986 ജനുവരി 28-ന് ചലഞ്ചർ എന്ന സ്പേസ് ഷട്ടിൽ ഭൂമിയിൽ പതിച്ചതിനെക്കുറിച്ച് നോസ്ട്രഡാമസ് പ്രവചിച്ചിരുന്നുവെന്ന് പിന്നീട് ചിലർ തിരിച്ചറിഞ്ഞിട്ടുണ്ട്! 1666-ൽ ലണ്ടനിലുണ്ടായ വമ്പൻ തീപിടുത്തം, ഹിറ്റ്ലറുടെ ഉയർച്ച, മനുഷ്യന്റെ ചന്ദ്രയാത്ര, 1997-ലെ ഡയാനാ രാജകുമാരിയുടെ മരണം, 2001 സെപ്തംബർ 11-ന് നടന്ന ഭീകരാക്രമണം എന്നിവയൊക്കെ ദീർഘദർശനം ചെയ്യാൻ നോസ്ട്രഡാമസിന് കഴിഞ്ഞതായി വാദിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ മുഖ്യമായും ബോധപൂർവം ചെയ്യുന്ന തെറ്റായ വിവർത്തനവും ദുർവ്യാഖ്യാനങ്ങളുമാണ് നോസ്ട്രഡാമസിന്റെ 'പ്രവചന' രഹസ്യങ്ങളെന്ന് ഇവയെ ഇഴകീറി പരിശോധിച്ച ജെയിംസ് റാൻഡി വ്യക്തമാക്കിയിട്ടുണ്ട് (James Randi, The Mask of Nostradamus, Prometheus : New York, 1993). ശൈലിയിലെ അവ്യക്തതയും ദുരൂഹതയും നിമിത്തം സന്ദർഭോചിതം വ്യാഖ്യാനിക്കാൻ കഴിയുന്നതിനാൽ മാത്രമാണ് നോസ്ട്രഡാമസിനെ കൂടെ കൂടെ ഉയർത്തിക്കാട്ടാൻ അദ്ദേഹത്തിന്റെ ദുഷ്പ്രചാരകർക്ക് കഴിയുന്നത്.

ഒരു ഫാഷിസ്റ്റ് കുഴലൂത്തുകാരനായി തന്നെയാരും കാണില്ല എന്ന ധൈര്യമാവാം ഇത്തരമൊരു സാഹസികതക്ക് ഫ്രാങ്കോസ് ഗാഷ്യറെ പ്രേരിപ്പിച്ചത്. മൂന്ന് കാര്യങ്ങളാണ് നമുക്ക് ഗാഷ്യറോട് ചോദിക്കാനുള്ളത്. നോസ്ട്രഡാമസിന്റേതെന്ന വിധം ഫ്രാങ്കോസ് ഹാജറാക്കിയ അപ്രകാശിത മാനുസ്ക്രിപ്റ്റിന്റെ സ്രോതസ്സ് ഏതാണ്? ഇത് ഗവേഷക ലോകത്തിന് മുമ്പാകെ വെക്കാൻ ഫ്രാങ്കോസ് തയാറുണ്ടോ? നോസ്ട്രഡാമസിന്റെ പ്രവചനം (?) തെറ്റിയെന്ന് അംഗീകരിക്കാനെങ്കിലും ഗാഷ്യർ തയാറാകുമോ?

**വാൽക്കഷ്ണം:** ഫ്രാങ്കോസ് ഗാഷ്യർക്ക് ഇത് സംബന്ധമായി കത്തെഴുതിയിരുന്നു. മൂന്നുവട്ടം റിമൈൻഡർ കൊടുത്തപ്പോൾ അയാളുടെ മറുപടി വന്നു, താൻ നുണ പറയുകയായിരുന്നുവെന്ന് തുറന്നു സമ്മതിച്ചു കൊണ്ട്! ■

vamashrof@gmail.com